ജലവിഭവ വകുപ്പിലെ എസ്.എൽ.ആർ. തൊഴിലാളികൾ

14 (3954) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൽ സ്ഥിരനിയമനത്തിന് അപേക്ഷിച്ച എത്ര എസ്.എൽ.ആർ. തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരിൽ 2000 മേയ് 31-ന് 500 ദിവസം പ്രവൃത്തി ചെയ്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പാലക്കാട് ജില്ലയിലെ സീനിയോറിറ്റി ലിസ്റ്റ് ലഭ്യമാക്കാമോ ;

(ഡി) ഓരോ ജില്ലയിലും ഈ വിഭാഗത്തിൽ എത്രപേരുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇവർക്ക് സ്ഥിര നിയമനം നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(എഫ്) എങ്കിൽ എന്നത്തേക്ക് സ്ഥിരനിയമനം നൽകാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) 19-5-1983-ന് സർവ്വീസ് ആരംഭിച്ച് 1-4-1987-ന് 500 പ്രവൃത്തി ദിവസം പൂർത്തിയാക്കാത്തവരും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 20-1-1990-ലെ സർക്കാർ ഉത്തരവ് (അ) നമ്പർ 6/90/പി.ഡബ്ല്യു ആന്റ് ടി പ്രകാരം പൊതുമരാമത്ത്/ജലസേചന വകുപ്പുകളിൽ നിയമിക്കപ്പെട്ടവരുമായ സി.എൽ. ആർ/എച്ച്ആർ.കാരാണ് എസ്എൽആർ. തൊഴിലാളികൾ. ഇവർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ എസ്.എൽ.ആർ. ആയി നിയമനം നൽകി ജലവിഭവ വകുപ്പിന് കൈമാറുന്നത് പൊതുമരാമത്ത് വകുപ്പു ചീഫ് എഞ്ചിനീയർ (ഭരണം) ആണ്. ഇപ്രകാരം നിയമനം നൽകി ജലവിഭവ വകുപ്പിന് കൈമാറിയ എസ്.എൽ.ആർ. ജീവനക്കാരുടെ എണ്ണം കണക്കാക്കിവരുന്നു.

(ഇ&എഫ്) ഇവരുടെ കൃത്യമായ എണ്ണം കണക്കാക്കികഴിഞ്ഞാൽ മാത്രമേ ഇക്കാര്യം പരിശോധിക്കാൻ കഴിയൂ. അതിനുള്ള നടപടികൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly